




ചെങ്ങറ സമരം ആരംഭിച്ചിട്ട് ആഗസ്റ്റ് 4ന് മൂന്ന് വർഷം പൂർത്തിയാകുന്നു. എന്നിട്ടും കൃഷിയോഗ്യമായ ഭൂമി സമരക്കാർക്ക് നൽകാൻ സർക്കാറിന് കഴിഞ്ഞില്ല. സർക്കാർ പ്രഖ്യാപിച്ചതെങ്കിലും നേടിയിട്ടേ പിന്മാറൂ എന്ന ദൃഢ പ്രതിജ്ഞയിലാണ് സമര സമിതി

## ചെങ്ങറ ഭൂസമരം

# ഭൂമിയേയും അവകാശത്തേയും കുറിച്ചുള്ള പാഠങ്ങൾ

കൃഷിചെയ്ത് ജീവിക്കുവാൻ ഭൂമി നൽകണം എന്നാവശ്യപ്പെട്ടു കൊണ്ട് പത്തനംതിട്ട കേന്ദ്രമായി പ്രവർത്തിക്കുന്ന സാധുജന വിമോചന സംയുക്ത വേദിയുടെ ആഭിമുഖ്യത്തിൽ ഏഴ് വർഷം മുൻപ് ആരംഭിച്ച സമരമാണ് വിവിധ ഘട്ടങ്ങൾ പിന്നിട്ട് ചെങ്ങറയിൽ എത്തി നിൽക്കുന്നത്. 2007 ആഗസ്റ്റ് നാലിനാണ് ചെങ്ങറ എസ്റ്റേറ്റിൽ കുടിൽ കെട്ടി താമസിച്ചു കൊണ്ട് സമരം തുടങ്ങിയത്. വന ഭൂമിയും റവന്യൂ ഭൂമിയും അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഹാരിസണും, സി.പി.ഐ(എം) കൂട്ടാളികളും തുടക്കം മുതൽതന്നെ സമരത്തിനെതിരെ നിലകൊണ്ടു. ചെങ്ങറ സമരം വേറൊരാളുടെ ഭൂമി കൈവശപ്പെടുത്താനുള്ള അടവ് മാത്രമാണെന്നായിരുന്നു സർക്കാരും സി.പി.ഐ(എം) നേതാക്കളും പറഞ്ഞു കൊണ്ടിരുന്നത്. അവിടെ ഉള്ളവരെല്ലാം സ്ഥലം ഉള്ളവരാണെന്നും 300ൽ താഴെ കുടുംബങ്ങൾ മാത്രമേ അവിടെയുള്ളൂ എന്നുമവർ സ്ഥാപിക്കാൻ ശ്രമിച്ചു. പോലീസും ഗുണ്ടകളും ചേർന്ന് സമരക്കാർക്ക് മേൽ മൃഗീയമായ അക്രമണങ്ങൾ അഴിച്ചു വിട്ടും അവരെ നിരവധി കള്ളക്കേസുകളിൽ കുടുക്കിയും സമരം അടിച്ചമർത്താൻ ശ്രമിച്ചു. ഒന്നാം വാർഷിക വേളയിൽ പങ്കെടുക്കാനെത്തിയ സാമൂഹ്യ-സാംസ്ക്കാരിക നേതാക്കളെ ഉപരോധിക്കുകയും അക്രമിക്കുകയും ചെയ്തു. സമരഭൂമിയിലുള്ളവർക്ക് അകത്തേക്കോ പുറത്തേക്കോ പോകാനാവാത്ത വിധം ഭീകരാന്തരീക്ഷം സൃഷ്ടിച്ചു.

എല്ലാ ഭീഷണികളേയും അതിജീവിച്ച് രണ്ടായിരത്തോളം കുടുംബങ്ങൾ പിടിച്ചു നിന്നു. അവസാനം സർക്കാർ നടത്തിയ സർവേയിൽ 1738 കുടുംബങ്ങൾ അവിടെയുണ്ടെന്നും അതിൽ 907 കുടുംബങ്ങൾക്ക് സ്വന്തമായി ഒരു സെന്റ് ഭൂമി പോലുമില്ലെന്നും 573 കുടുംബങ്ങൾ 5 സെന്റിൽ താഴെ മാത്രം ഭൂമി ഉള്ളവരാണെന്നും പ്രഖ്യാപിച്ചു. സഹന സമരത്തിന്റെ പ്രതീകമായി മാറിയ ചെങ്ങറ ഇന്ന് വാഴയും കപ്പയും പച്ചക്കറികളും കൃഷി ചെയ്തുകൊണ്ട് പുതിയൊരു സംസ്ക്കാരത്തിന്റെ പ്രതീകം കൂടിയായി മാറിയിരിക്കുന്നു. സമരം ആരംഭിച്ച് രണ്ടു വർഷം പിന്നിട്ടു കഴിഞ്ഞപ്പോഴാണ് അടിച്ചിറക്കാൻ കഴിയില്ല എന്നു ബോധ്യപ്പെട്ട സർക്കാർ ഏകപക്ഷീയമായി ഒരു പാക്കേജ് പ്രഖ്യാപിച്ചത്. ഭൂരഹിതരായ പട്ടിക വർഗക്കാർക്ക് ഒരേക്കറും പട്ടിക ജാതിക്കാർക്ക് അൻപതു സെന്റും മറ്റുള്ളവർക്ക് 25 സെന്റും എല്ലാവർക്കും വീടും മൂന്നു മാസത്തിനുള്ളിൽ നൽകുമെന്ന് 2009 ഒക്ടോബർ അഞ്ചിന് പ്രഖ്യാപിച്ചു. സമരം ചെയ്യുന്നവരുടെ ഇച്ഛാശക്തിയും കേരളത്തിലുടനീളമുള്ള പൊതു സമൂഹത്തിന്റെ പിന്തുണയുമാണ് സർക്കാരിനെ ഈ തീരുമാനത്തിലെത്തിച്ചത്.

വൻകിട കുത്തകകൾ എങ്ങനെയൊക്കെ സാധാരണ ജനങ്ങളുടെ അവകാശങ്ങൾക്കു മേൽ മേൽകൈ പുലർത്തുന്നു എന്ന ചർച്ച പൊതു സമൂഹത്തിൽ സജീവമാക്കാൻ ചെങ്ങറ സമരത്തിന് സാധിച്ചു. ഭൂപരിഷ്ക്കരണ ബില്ലിന്റെ പ്രയോജനം പട്ടികജാതി-വർഗക്കാർക്ക് ലഭിച്ചിട്ടില്ല എന്ന് സി.പി.ഐ(എം)ന് സമ്മതിക്കേണ്ടി വന്നു. എന്നാൽ ഒൻപതു മാസം പിന്നിട്ടിട്ടും പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പാക്കാൻ സർക്കാരിനായില്ല. സമരം ആരംഭിച്ചിട്ട് 2010 ഓഗസ്റ്റ് നാലിന് മൂന്നു വർഷം പൂർത്തിയാകുന്നു. സമരക്കാർക്ക് നൽകാൻ സർക്കാർ കണ്ടെത്തി എന്നു പറയുന്ന ഭൂമിയാകട്ടെ കൃഷിയോഗ്യമല്ല. സർക്കാർ പ്രഖ്യാപിച്ചതെങ്കിലും നേടിയിട്ടേ പിന്മാറൂ എന്ന ദൃഢ പ്രതിജ്ഞയിലാണ് സമര സമിതി നേതാവ് ളാഹാ ഗോപാലനും സമരക്കാരും.

ബന്ധങ്ങൾക്ക്: 9249101709